**കേരള സർക്കാർ**
**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - വിജിലൻസ് പരിശോധന - തളിപ്പറമ്പ് നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ.പി. രാധാകൃഷ്ണനെതിരെ ആരംഭിച്ച അച്ചടക്ക നടപടി തീർപ്പാക്കി - ഉത്തരവ് .പുറപ്പെടുവിക്കുന്നു.

================================================================

**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(സാധാ) നം. 1802/2017/തസ്വഭവ. തീയതി, തിരുവനന്തപുരം, 31/05/2017.

================================================================

**പരാമർശം :**
1) വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 18.02.2014 തീയതിയിലെ E13(VE 6/12/KNR) 13351/12 നമ്പർ കത്ത്.
2) തളിപ്പറമ്പ് നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ പി. രാധാകൃഷ്ണന്ന് നൽകിയ 19.09.2014 തീയതിയിലെ 47164/ഇയു1/14/തസ്വഭവ.നമ്പർ കുറ്റാരോപണ മെമ്മോ.
3) കുറ്റാരോപണമെമ്മോയ്ക്ക് ശ്രീ. പി. രാധാകൃഷണൻ സമർപ്പിച്ച 24.06.2016 തീയതിയിലെ G3-27370/15 നമ്പർ കത്ത്.
4) നഗരകാര്യ ഡയറക്ടറുടെ 16.08.2016 തീയതിയിലെ വി2-17378/16 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

തളിപ്പറമ്പ് നഗരസഭയിലെ അനധികൃത നിർമ്മാണം സംബന്ധിച്ച വിഷയത്തിൽ സർക്കാർ നിർദ്ദേശാനുസരണം വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ അന്വേഷണത്തിൽ ശ്രീ. കെ.പി. മുഹമ്മദ് അഷറഫ് കേരളാ മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂൾ ലംഘിച്ചുകൊണ്ട് നിർമ്മിച്ച കെട്ടിടം (BA 39/03-04) പൊളിച്ചു മാറ്റിയത് സംബന്ധിച്ച് ബിൽഡിംഗ് ഇൻസ്പെക്ടറും, മുനിസിപ്പൽ എഞ്ചിനീയറും നൽകിയ റിപ്പോർട്ടിന്റെ കൃത്യത പരിശോധിക്കാതെ തെറ്റായ റിപ്പോർട്ട് കണ്ണൂർ ജില്ലാ

കളക്ടർക്കും ഡയറക്ടർക്കും അയച്ചു നൽകിയ കുറ്റത്തിന് ടി നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ.പി. രാധാകൃഷ്ണനെതിരെ അച്ചടക്ക നടപടി സ്വീകരിക്കുകയും പരാമർശം രണ്ട് പ്രകാരം കുറ്റാരോപണ മെമ്മോ നൽകുകയുമുണ്ടായി.

2) കുറ്റാരോപണ മെമ്മോയ്ക്ക് ടിയാൻ സമർപ്പിച്ച പരാമർശം മൂന്നിലെ മറുപടിയിൽ അത്തരം കാര്യങ്ങളിൽ വസ്തുനിഷ്ഠവും സത്യസന്ധവുമായി റിപ്പോർട്ട് നൽകുന്നതിന്റെ പൂർണ്ണ ഉത്തരവാദിത്വവും ബാധ്യതയും അതാത് ഔട്ട്ഡോർ ഓഫീസർമാരിൽ നിക്ഷിപ്തമാണെന്നും ആയത് വിശ്വാസത്തിലെടുക്കാതെ നഗരസഭയുടെ വിവിധ വാർഡുകളിൽ പോയി പരിശോധിച്ച് നിജസ്ഥിതി ബോധ്യപ്പെടുവാൻ പോയാൽ സെക്രട്ടറിയെന്ന നിലയ്ക്കുള്ള മറ്റ് ഉത്തരവാദിത്തങ്ങൾ നിർവ്വഹിക്കുവാൻ സമയം തികയില്ലെന്നും 05.12.2015 തീയതിയിലെ സ.ഉ.(സാധാ) നം. 3647/2015/LSGD ലെ ഖണ്ഡിക (8) അനുസരിച്ച് നഗരസഭാ സെക്രട്ടറിയ്ക്ക് സാങ്കേതിക വിഭാഗം നൽകുന്ന ടെക്നിക്കൽ റിപ്പോർട്ട് പ്രകാരം വിഷയത്തിൽ തീരുമാനം കൈക്കൊള്ളാമെന്നും, സാങ്കേതിക വിഭാഗം നൽകുന്ന സാങ്കേതിക ഉപദേശപ്രകാരം നഗരസഭാ സെക്രട്ടറി എടുക്കുന്ന തീരുമാന ത്തിന് മറുപടി നൽകേണ്ടുന്ന ഉത്തരവാദിത്വം സാങ്കേതിക വിഭാഗത്തിനാണെന്നും ബോധിപ്പിച്ചു. കൂടാതെ മേൽക്കാര്യങ്ങൾ പരിഗണിച്ച് തനിയ്ക്കെതിരായ അച്ചടക്ക നടപടിയിൽ നിന്നും കുറ്റവിമുക്തനാക്കണമെന്നും അപേക്ഷിച്ചു.

3) ടി വിഷയത്തിൽ നഗരകാര്യ ഡയറക്ടർ സമർപ്പിച്ച പരാമർശം നാലിലെ കത്തിൽ ചുവടെ ചേർക്കും പ്രകാരം റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി.

''നഗരസഭയുടെ ബി എ 39/03-04 നമ്പർ ഫയൽ പരിശോധനയിൽ കണ്ണൂർ ജില്ലാ കളക്ടറുടെ 28.03.2008 ലെ ഡി2-31744/06 നമ്പർ കത്തിന് നഗരസഭാ സെക്രട്ടറി നൽകിയ മറുപടിയിലാണ് കെ.എം.ബി.ആർ ചട്ടങ്ങളുടെ ലംഘനം പരിഹരിക്കണമെന്നാ വശ്യപ്പെട്ട് കെട്ടിട ഉടമയ്ക്ക് നോട്ടീസ് നൽകിയിട്ടുള്ളതായും അനധികൃതമായി നിർമ്മാണം നടത്തിയ ഭാഗങ്ങൾ പൊളിച്ച് നീക്കം ചെയ്തിട്ടുള്ളതായി റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നുമുള്ള മറുപടി നൽകിയിട്ടുള്ളത്. കെട്ടിട ഉടമ 23.12.2009 ന് സമർപ്പിച്ച ഹർജിയിൽ

ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ ഓഫീസിലെ 12846/08/M(LSGD) നമ്പർ കീഴെഴുത്തിന് 06.02.2009-ന് നൽകിയ മറുപടിയിലെയും കണ്ണൂർ ജില്ലാ കളക്ടർക്ക് അയച്ച മറുപടിയിലേയും കാര്യങ്ങൾ ഒന്നുതന്നെയാണ്. കണ്ണൂർ ജില്ലാ കളക്ടറുടെ കത്ത് ലഭിച്ചതിനെ തുടർന്ന് അനധികൃത നിർമ്മാണത്തിനെതിരെ നടപടി സ്വീകരിക്കുകയും പൊളിച്ചു മാറ്റുന്നതിന് കക്ഷിക്ക് സ്ഥിരീകരണ ഉത്തരവ് നൽകുകയും ചെയ്തതിനെത്തുടർന്ന ''ഇപ്പോൾ കെട്ടിട ഉടമ അനധികൃതമായി നിർമ്മാണം നടത്തിയ ഭാഗങ്ങൾ പൊളിച്ചു നീക്കം ചെയ്തിട്ടുണ്ട്'' എന്ന് ഫയലിൽ അന്നത്തെ ബിൽഡിംഗ് ഇൻസ്പെക്ടറായിരുന്ന ശ്രീ.സി.വി. ചന്ദ്രൻ റിപ്പോർട്ട് ചെയ്തിട്ടുള്ളത് മുനിസിപ്പൽ എഞ്ചിനീയർ ശ്രീ.എ. കരുണാകരൻ മുഖേന സമർപ്പിച്ചതിന്മേലാണ് തദനുസൃതമായി നഗരസഭാ സെക്രട്ടറി മറുപടി നൽകിയിട്ടുള്ളത്. അനധികൃതമായി നിർമ്മിച്ച ഭാഗങ്ങൾ പൂർണ്ണമായും പൊളിച്ചു നീക്കം ചെയ്തതായി 24.01.2009 ന് കെട്ടിട ഉടമകൾ നഗരസഭയെ അറിയിച്ചത് പ്രകാരം നഗരസഭാ ബിൽഡിംഗ് ഇൻസ്പെക്ടർ കെട്ടിടം പരിശോധിക്കുകയും അനധികൃതമായി നിർമ്മിച്ച ഭാഗങ്ങൾ പൂർണ്ണമായും പൊളിച്ചു നീക്കം ചെയ്തിട്ടുണ്ടെന്ന് റിപ്പോർട്ട് ചെയ്തിട്ടുമുണ്ട്.

കെട്ടിട നിർമ്മാണ നിയന്ത്രണം ഉൾപ്പെടെയുള്ള സാങ്കേതിക കാര്യങ്ങളിൽ നഗരസഭാ സെക്രട്ടറിയെ സഹായിക്കുന്നതിന് ഏർപ്പെടുത്തിയ എഞ്ചിനീയറിംഗ്/ടൗൺ പ്ലാനിംഗ് വിഭാഗത്തിലെ നിയുക്ത ഫീൽഡ് ഉദ്യോഗസ്ഥർ നൽകിയ റിപ്പോർട്ട് വിശ്വാസത്തിലെടുത്തുകൊണ്ട് നഗരസഭാ സെക്രട്ടറി ആയതിന്റെ അടിസ്ഥാനത്തിൽ സർക്കാരിനും ജില്ലാ കളക്ടർക്കും മറുപടി നൽകിയതിൽ അപാകത കാണാൻ കഴിഞ്ഞിട്ടില്ല. ഇക്കാര്യത്തിൽ ബിൽഡിംഗ് ഇൻസ്പെക്ടർ / നഗരസഭാ എഞ്ചിനീയർ സെക്രട്ടറിയ്ക്ക് തെറ്റായ വിവരം നൽകിയെങ്കിൽ ആയതിന്റെ ഉത്തരവാദിത്വം ആ ഉദ്യോഗസ്ഥർക്കു തന്നെയാണ്. നഗരസഭയിലെ മറ്റ് ജീവനക്കാർ നൽകുന്ന വിവരങ്ങളുടെയെല്ലാം കൃത്യത പരിശോധിക്കുക എന്നത് പ്രായോഗികമാണെന്ന് പറയാനാവില്ല.

4) ഈ സാഹചര്യത്തിൽ ശ്രീ. പി. രാധാകൃഷ്ണൻ സമർപ്പിച്ച മറുപടി പരിഗണിച്ച് ടിയാനെതിരായ അച്ചടക്ക നടപടി അവസാനിപ്പിക്കാവുന്ന താണെന്ന് നഗരകാര്യ ഡയറക്ടർ ശുപാർശ ചെയ്തു.

5) സർക്കാർ ഇക്കാര്യം പരിശോധിച്ചു. തളിപ്പറമ്പ് നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ.പി. രാധാകൃഷ്ണനെതിരെ ആരംഭിച്ച അച്ചടക്ക നടപടി, ടിയാന്റെ മറുപടിയും, നഗരകാര്യ ഡയറക്ടറുടെ റിപ്പോർട്ടും കണക്കിലെടുത്ത്, തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**

**എസ്. മോഹൻദാസ്**
**ജോയിന്റ് സെക്രട്ടറി**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/, എ& ഇ) കേരള, തൃശൂർ.
ഡയറക്ടർ, കേരളാ സ്റ്റേറ്റ് ഓഡിറ്റ് ഡിപ്പാർട്ട്മെന്റ്, തിരുവനന്തപുരം.
ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം.
സെക്രട്ടറി, തളിപ്പറമ്പ് നഗരസഭ.
ശ്രീ. പി. രാധാകൃഷ്ൻ, സെക്രട്ടറി, തളിപ്പറമ്പ് നഗരസഭ
(നഗരകാര്യ ഡയറക്ടർ മുഖേന)
എക്സി. ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
(ഈ ഉത്തരവ് വൈബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)
വിജിലൻസ് വകുപ്പ് (23.03.2017 തീയതിയിലെ 1395/ഡി1/2017/വിജി നമ്പർ പ്രകാരം)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**